ജലഗതാഗത വകുപ്പിൽ സ്രാങ്കുമാരുടെ നിയമന നടപടി

191 (1919) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിൽ സ്രാങ്കുമാരുടെ ഒട്ടനവധി തസ്തികകൾ അഞ്ച് വർഷത്തിലേറെയായി ഒഴിഞ്ഞ് കിടന്നിട്ടും പി.എസ്.സി. വഴി സ്രാങ്കുമാരെ നിയമിക്കാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) സ്രാങ്കുമാരുടെ നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ജലഗതാഗത രംഗം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബോട്ട് സ്രാങ്ക് തസ്തികയിൽ നിയമനം നടത്തുന്നതിന്, ജലഗതാഗത വകുപ്പിന്റെ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരമുള്ള, അംഗീകൃത കനാൽ ലൈസൻസ്, ബോട്ട് സ്രാങ്ക് തസ്തികയ്ക്ക് യോഗ്യതയായി നിർദ്ദേശിച്ചുകൊണ്ട് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും, അതുപ്രകാരം പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ, മേൽ സൂചിത യോഗ്യത അല്ലാതെ തുറമുഖ ഡയറക്ടർ നൽകുന്ന സ്രാങ്ക് ലൈസൻസ് യോഗ്യതയുള്ളവരും എം.എം.ഡി. ലൈസൻസുള്ളവരും, പി.എസ്.സി. അപേക്ഷ സമർപ്പിച്ചതിനെതുടർന്ന്, ടി ലൈസൻസുകൾ യോഗ്യതയായി പരിഗണിക്കുമോ എന്ന് പി.എസ്.സി. 18-9-2008-ൽ ജലഗതാഗത വകുപ്പിനോട് ആരായുകയും, എന്നാൽ, ഇതേസമയത്ത് തുറമുഖ പരിധിക്കുള്ളിൽ ബോട്ട് പ്രവർത്തിപ്പിക്കുന്നതിന് എം.എം.ഡി. ലൈസൻസ് ഉള്ളവർ വേണമെന്ന് ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഡബ്ലിയു.പി.(സി) 24186/05 എന്ന കേസിൻമേൽ 31-8-2005-ൽ ഉണ്ടായ വിധിന്യായത്തിൻമേൽ അന്തിമ തീർപ്പ് സർക്കാർ തലത്തിൽ എടുത്തതിനുശേഷം ലൈസൻസ് സംബന്ധിച്ച് സർക്കാർ തീരുമാനം വകുപ്പിനെ അറിയിച്ചിട്ടുള്ളതുമാണ്. പി.എസ്.സി. നിയമനത്തിനുള്ള യോഗ്യതയായി കണക്കാക്കുന്നത് നിലവിലുള്ള സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിട്ടുള്ള യോഗ്യതയാണെന്നും ആയതിനാൽ പി.എസ്.സി. നോട്ടിഫിക്കേഷനിൽ പറയുന്ന യോഗ്യതകളിൽ മാറ്റം വരുത്തി നിയമനം നടത്തുവാൻ സാധിക്കുകയില്ല. എന്ന സർക്കാർ തീരുമാനം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ പി.എസ്.സി.യെ 13-7-2010-ൽ അറിയിക്കുകയും ചെയ്തു ഇക്കാര്യത്തിൽ പി.എസ്.സി. ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് 11-10-2010-ലെ കത്തുപ്രകാരം ജലഗതാഗത വകുപ്പ് ഡയറക്ടർ വിശദീകരണം നൽകിയിട്ടുമുണ്ട്. ഇതോടെ ഡ്രാങ്ക് തസ്തികയിലെ നിയമനം സംബന്ധിച്ച തടസ്സങ്ങൾ മാറിയിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലഗതാഗത വകുപ്പിലെ ബോട്ട് സ്രാങ്ക് തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന നടപടികൾ നടത്തുന്നത് പി.എസ്.സി. യാണ്.

(സി) 1. ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ ദ്രുതഗതിയിൽ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിന് ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ 1.59 കോടി രൂപ ചെലവിൽ 'സിൽക്ക്' മുഖാന്തിരം നിർമ്മിക്കുന്ന ആധുനിക ഡോക്ക് യാർഡിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

2. കൊല്ലം ജില്ലയിൽ പുതിയ സ്റ്റേഷൻഓഫീസ് കെട്ടിടം ഇൻലാൻഡ് നാവിഗേഷൻ ഡിവിഷൻ മുഖാന്തിരം പൂർത്തിയാക്കുന്നതിനു നടപടി സ്വീകരിച്ചു കഴിഞ്ഞു.

3. കോട്ടയം ജില്ലയിലെ കോടിമതയിൽ പുതിയ സ്റ്റേഷൻഓഫീസ് നിർമ്മാണത്തിന് സ്ഥലം ലഭ്യമാകുന്നതിനുള്ള നടപടി പൂർത്തീകരിച്ചു.

4. വകുപ്പിലെ ബോട്ടുകളുടെ കുറവ് പരിഹരിക്കുന്നതിന് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 21 പുതിയ സ്റ്റീൽ ബോട്ടുകൾ നിർമ്മിച്ചുവാങ്ങി സർവ്വീസിനു നൽകി.

5. 9 സ്റ്റീൽ ബോട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

6. ടൂറിസവുമായി ബന്ധപ്പെടുത്തി വകുപ്പ് ആരംഭിച്ച കൊല്ലം-ആലപ്പുഴ സർവ്വീസ് വിജയമായതിനെ തുടർന്ന് "സീ-കുട്ടനാട്" എന്ന പേരിൽ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ്, ആലപ്പുഴയിൽ നിന്നും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. 2010-2011 സാമ്പത്തിക വർഷത്തിൽ ബോട്ട് യാത്രക്കാർക്കും ക്രൂ വിഭാഗം ജീവനക്കാർക്കും നാഷണൽ ഇൻഷുറൻസ് കമ്പനി മുഖാന്തിരം ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

8. ബോട്ടുക്കളുടെയും യാത്രക്കാരുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കുട്ടനാട്ടിലെ വിവിധ ബോട്ട് ജെട്ടികളിൽ താങ്ങുകുറ്റി സ്ഥാപിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് 13.5 ലക്ഷം രൂപ നൽകിക്കഴിഞ്ഞു.

ഇടത്തരം ദേശീയപാതാ വികസനം

192 (1920) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി [illegible]റുപടി നൽകുമോ :

) സംസ്ഥാനത്തെ ഇടത്തരം ദേശീയപാതാ വികസനത്തിൽ [illegible]രാർ വേണ്ട എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ [illegible]ന്തൊക്കെ നിർദ്ദേശങ്ങളാണ് സർക്കാരിന് നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly